# വീണ്ടും സൈലന്റ്‌വാലി

സുഗതകുമാരി



ഇത്രയും ധൈര്യത്തോടെ വീണ്ടും സൈലന്റ്‌വാലിയിൽ തന്നെ ഒരു ജലവൈദ്യുത പദ്ധതി വിഭാവന ചെയ്യാൻ ആർക്കെങ്കിലും സാധിക്കുമെന്ന് വാസ്തവത്തിൽ കരുതിയിരുന്നില്ല. 25 കൊല്ലം മുമ്പുള്ള കാലഹരണപ്പെട്ട ഭാഷയിൽ തന്നെ അതെപ്പറ്റി സംസാരിക്കുമെന്നും വിശ്വസിക്കാനാവുന്നില്ല. 78-79 കാലഘട്ടത്തിൽ തന്നെ കാലുറപ്പിച്ചു നിൽക്കുകയാണ് വൈദ്യുതി ബോർഡ്. ലോകമെങ്ങും ഉണർന്ന പരിസ്ഥിതി ബോധത്തെപ്പറ്റിയും ഇക്കോളജി എന്ന ശാസ്ത്രത്തിന്റെ അത്യധികമായ പ്രാധാന്യത്തെപ്പറ്റിയും ഇവിടെതന്നെ ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ നിർമ്മിക്കപ്പെട്ടതും രാജീവ്ഗാന്ധി അർപ്പണബോധത്തോടെ നടപ്പിലാക്കാൻ ശ്രമിച്ചതും ഇൻഡ്യയുടെ പരമോന്നത നീതിപീഠം കർശനമായി ഊന്നൽ കൊടുത്ത് ബലവത്താക്കിയതുമായ കേന്ദ്രവന നിയമത്തെപ്പറ്റിയും കോടതിവിധികളെപ്പറ്റിയുമൊന്നും കേരളത്തിലെ ഉദ്യോഗസ്ഥമണ്ഡലം അറിഞ്ഞമട്ടേയില്ല തന്നെ! ഇതാ സൈലന്റ്‌വാലിയിൽ തന്നെ മറ്റൊരു വൻകിട പദ്ധതിക്ക് അവർ തയ്യാറെടുക്കുന്നു.

പേരുമാത്രം മറ്റൊന്ന്. സൈലന്റ്‌വാലിക്കു പകരം പാത്രക്കടവ്. പക്ഷേ സൈലന്റ്‌വാലി ദേശീയ പാർക്കിനു തൊട്ടടുത്ത് കുന്തിപ്പുഴയെന്ന അതേ കൊച്ചുകാട്ടാറിൽ തന്നെയാണ് നിർദ്ദിഷ്ട പദ്ധതി. അവരുടെ വിദഗ്ദ്ധസമിതി പഠനമനുസരിച്ച് 64 മീറ്റർ ഉയരം, 450 കോടി രൂപാ ഗണിച്ചിരിക്കുന്ന ചിലവ്, 6 വർഷം പണിക്കാലം. നഷ്ടപ്പെടുന്ന കാട് വെറും നിസ്സാരം മാത്രം. പക്ഷേ ഈ 450 കോടി ആയിരം കോടി കവിയുമെന്നും അതെല്ലാം രാജ്യത്തിന്റെ ശിരസ്സിലെ വൻ കടച്ചുമടാണെന്നും 4 വർഷമെന്നത് 14 വർഷമാകാമെന്നും നഷ്ടപ്പെടുന്നത് നൂറുകണക്കിന് ഹെക്ടർ വനമാകാമെന്നും പൂർവാനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു. അത്രയ്ക്കു വിഡ്ഢികളാണ് എല്ലാവരുമെന്നു കരുതരുത്. ആയിരക്കണക്കിനു ജോലിക്കാരും കനത്ത മെഷിനറികളും നൂറു കണക്കിനു ലോറികളും പാറപൊട്ടിക്കലും റോഡുവെട്ടലും കോൺക്രീറ്റു ചെയ്യലും ക്വാർട്ടേഴ്സ് പണിയലുമെല്ലാം ഒരു നിബിഡവനത്തെ എങ്ങനെ ബാധിക്കുമെന്നും ആർക്കും ഊഹിക്കാവുന്നതേയുള്ളൂ. സൈലന്റ്‌വാലി വനാതിർത്തിക്ക് ഉള്ളിലല്ല അതിർത്തിക്കുവെളിയിലാണ് പദ്ധതി എന്നാണു വാദം. പക്ഷേ തൊട്ടു വെളിയിലാണ് എന്ന് ഓർക്കുക. ഈ അതിർത്തിയാകട്ടേ മനുഷ്യൻ കല്പിച്ചിട്ടുള്ളതാണ്. പ്രകൃതി നിർമ്മിതമല്ല. കൊടും കാടാണവിടം. സൈലന്റ്‌വാലി വനത്തിന്റെ തുടർച്ചയാണത്. സൈലന്റ്‌വാലി വനത്തിന്റെ സംരക്ഷണ വനവലയത്തിൽ പെട്ടതാണത്. (Buffer zone) നീലഗിരി ജൈവ സംരക്ഷണമേഖലയുടെ ഹൃദയഭാഗമാണത്. നീലഗിരി ജൈവമേഖലയാവട്ടേ ലോകത്തെ അതിവിശിഷ്ടങ്ങളും തനതു ജൈവസമ്പദ്ഘനികളും വിനാശ ഭീഷണിയെ നേരിടുന്നവയുമായി (Hot spots) പരിസ്ഥിതി ശാസ്ത്രജ്ഞർ എടുത്തുകാണിച്ചിട്ടുള്ള 18 ആവാസ വ്യവസ്ഥകളിൽ ഒന്നാണ്. തൊട്ടുപോകരുതെന്ന് കേന്ദ്ര വനനിയമവും സുപ്രീംകോടതി വിധികളും കല്പിച്ചിട്ടുള്ള നിത്യഹരിത മഴക്കാടാണിത്. എണ്ണിയാലൊടുങ്ങാത്തതും ഇന്നോളം നിർവചിച്ചിട്ടില്ലാത്തതുമായ ജൈവ വൈചിത്ര്യത്തിന്റെ വിസ്മയകരമായ കലവറയാണിത്. പദ്ധതി വിദഗ്ദ്ധരേ, ഇവിടെത്തന്നെ വേണമോ നിങ്ങളുടെ വികസന പ്രക്രിയകൾ?

ഇക്കഴിഞ്ഞ കൊടും വരൾച്ചപോലും നമ്മുടെ കണ്ണുകൾ തുറപ്പിച്ചില്ലല്ലോ. എല്ലാ നദികളും വറ്റിവരണ്ടു. മിക്കവാറും എല്ലാ കുളങ്ങളും കിണറുകളും ജലശൂന്യമായി. അണക്കെട്ടുകളുടെ അടിത്തട്ടുകൾ വെടിവെച്ചു കീറിക്കിടക്കുന്നതു നാം കണ്ടുതുടങ്ങി. കുടിവെള്ളത്തിന് നെട്ടോട്ടമോടുന്ന ജനങ്ങളെ നാം കണ്ടു. മലയാളി ആദ്യമായി സൂര്യാഘാതമേറ്റ് വീണുചാവുന്നതും നാം അനുഭവിച്ചു. ചുട്ടുപഴുത്ത പാലക്കാട്ടു ജില്ലയിൽ എല്ലാ പുഴയും കിണറും വറ്റിവരണ്ടിട്ടും മലിനമായിക്കഴിഞ്ഞിട്ടും ചുരന്നൊഴുകിക്കൊണ്ടിരുന്ന ഒരു കൊച്ചുപുഴയുണ്ട്. കുന്തിപ്പുഴ എന്നാണ് അവളുടെ പേര്. ആ തെളിനീരൊഴുക്കും നാം തടയേണമോ? വേനലിൽ പാടേ മരിച്ചപോലെ മലർന്നു കിടക്കുന്ന നിളയുടെ മാർത്തട്ടിൽ ഒരു പാൽഞരമ്പുപോലെ നേർത്തൊരു വെള്ളച്ചാല് കാണാറുണ്ടത്രേ. താഴേക്കു വരുമ്പോൾ തൂതപ്പുഴയായിത്തീരുന്ന കുന്തിപുഴയാണത്. അതെങ്കിലും അടുത്ത വേനലുകളിൽ അവിടെയുണ്ടായിരിക്കട്ടേ. സൈലന്റ്‌വാലി മഴക്കാടുകളെ വെറുതേ വിടുക. മഴുവും തീയും ആളും യന്ത്രഗർജ്ജനങ്ങളുമായി അവിടേയ്ക്കു കയറിച്ചെന്നുകൂടാ. പതിനായിരക്കണക്കിനു വർഷമായി അത്യമൂല്യമായ ജൈവവൈവിധ്യത്തെ മാറിൽ വഹിക്കുന്ന കാട് അവിടെ സ്വൈരമായി നിന്നുകൊള്ളട്ടേ. കുന്തിപ്പുഴയെ ചങ്ങലയ്ക്കിടരുത്. ആ കൊച്ചു കാട്ടാറെങ്കിലും സ്വച്ഛന്ദം ഒഴുകിക്കൊള്ളട്ടേ. ആ കാടും ആ പുഴയും നമ്മുടേതല്ല. നമ്മുടെ കുഞ്ഞുങ്ങളുടേതാണ്.

*'വരത', നന്ദാവനം, തിരുവനന്തപുരം*